(ബി) രണ്ട് വർഷത്തെ കോൺട്രാക്ട് വ്യവസ്ഥയിലാണ് നിയമനം നടത്തിയത്, പത്രപരസ്യം നൽകി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയശേഷമാണ് നിയമനം നടത്തിയിട്ടുള്ളത്.

(സി) 1. ഫൈനാൻസ് മാനേജർ, ശ്രീ. ജി. ഗണേഷ് കുമാർ
2. ബിസിനസ് മാനേജർ, ശ്രീ. ഗിരീഷ് ജി. നായർ
3. പ്ലാനിംഗ് ഓഫീസർ, ശ്രീ. പി. സുജിത് ബാബു

(ഡി) പർച്ചേസ് മാനേജരെ നിയമിച്ചിട്ടില്ല.

(ഇ)-(എച്ച്) ബാധകമല്ല.

41 (565) സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയർ

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൽപ്പാദിപ്പിക്കപ്പെട്ട മുഴുവൻ കയറും വാങ്ങാതെ നാമമാത്രം കയറേ കയർ സഹകരണ സംഘങ്ങളിൽ നിന്നും കയർഫെഡ് വാങ്ങുന്നുള്ളൂവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർഫെഡിൽ കയർ എത്തിക്കും മുൻപ് അനുമതി വാങ്ങണമെന്നും സംഘങ്ങളിൽ എത്ര ശേഖരം ഉണ്ടെങ്കിലും വള്ളത്തിലോ ലോറിയിലോ ഒരു ലോഡ് കയർ മാത്രമേ കയർഫെഡ് വാങ്ങുകയുള്ളൂവെന്നും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കയർഫെഡിന്റെ ഈ നടപടിമൂലം സംഘങ്ങളിൽ കയർ വിറ്റഴിക്കാതെ കെട്ടിക്കിടക്കുകയും തൊഴിലാളികൾക്ക് മാസങ്ങളോളം വേതനം നൽകാതെയിരിക്കുകയും ചെയ്തിട്ടും സർക്കാർ പ്രശ്ന പരിഹാരത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ സ്വീകരിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. പ്രാഥമിക കയർ സഹകരണ സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ യാണിന്റെ 88 ശതമാനവും കയർഫെഡ് വാങ്ങുന്നുണ്ട്.

(ബി) ഇല്ല. പ്രൈമറി കയർ സംഘങ്ങൾ കൊണ്ടുവരുമ്പോൾ കയർ ഇറക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കയർ ഇറക്കുന്നതിന് മുൻകൂർ അനുവാദം വാങ്ങണമെന്ന് നിർദ്ദേശം നൽകാറുണ്ട്. അല്ലാതെ മറ്റു നിബന്ധനകൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല.

(സി) ഇത്തരം പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

42 (566) "വികലാംഗ സർവ്വേ"

<u>ശ്രീ. എ. അലിഹസ്സൻ</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

LIBRARY ARCHIVES Kerala Legislative Assembly